File No.GEDN-G3/589/2017-G.EDN

Ada
Pl. take urgent action
25/11/17

URGENT
Now itself
14420 Hrs
25/11/17

**കേരള സർക്കാർ**

നമ്പർ.ജി.3/589/2017/പൊവിവ

പൊതുവിദ്യാഭ്യാസ(ജി) വകുപ്പ്
തിരുവനന്തപുരം
തിയതി: 25/11/2017

വകുപ്പ് തലവന്മാർ

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്-സാംസ്കാരിക വകുപ്പ്-വിവേകാനന്ദ സ്പർശം-27.11.2017 ന സ്കൂളുകളിൽ നവോത്ഥാന പ്രതിജ്ഞ എടുക്കുന്നത്-സംബന്ധിച്ച്

സൂചന:- സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ 24.11.2017 ലെ 244/സി2/17/സാം.കാ.വ നമ്പർ കത്ത്

ഭാരതീയ നവോത്ഥാന നായകൻ സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ വാർഷികം 'വിവേകാനന്ദ സ്പർശം ' എന്ന പേരിൽ സമുചിതമായി ആചരിക്കുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി 27.11 .2017 ന സംസ്ഥാനത്തെ എല്ലാ വിദ്യഭ്യാസ സ്ഥാപനങ്ങളിലും നവോത്ഥാന പ്രതിജ്ഞ നടത്തണമെന്ന് അറിയിക്കുന്നു. പ്രതിജ്ഞയുടെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,
**ശ്രീലാൽ.റ്റി.വി.**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്:
(1) എല്ലാ ആർ.ഡി.ഡി മാർക്കും.

# 'വിവേകാനന്ദ സ്പർശം'

## നവോത്ഥാന പ്രതിജ്ഞ

ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രതീകമായ സ്വാമി വിവേകാനന്ദൻ കേരളത്തിൽ പദമൂന്നിയതിന്റെ 125 ാം വാർഷികദിനമാണ് ഇന്ന്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും തടവറയിൽ കഴിഞ്ഞിരുന്ന കേരള സമൂഹത്തെ, അറിവിന്റെയും യുക്തിബോധത്തിന്റെയും, പുരോഗമന ചിന്താഗതിയുടെയും വെളിച്ചത്തിലേക്ക് നയിച്ചതിൽ സ്വാമി വിവേകാനന്ദന് പ്രധാന പങ്കുണ്ട്. നിരവധി സന്ന്യാസിവര്യന്മാരും സമൂഹപരിഷ്കർത്താക്കളും പുരോഗമന പ്രസ്ഥാനങ്ങളും നമുക്കു നേടിത്തന്ന ജാതി-മതങ്ങൾക്കതീതമായ ഐക്യം, സമത്വചിന്ത, യുക്തിബോധം തുടങ്ങിയ നവോത്ഥാന മൂല്യങ്ങൾ പരിരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പകർപ്പ്: 1) എല്ലാ ആർ.ഡി.ഡി. മാർക്കും
2) എല്ലാ ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർക്കും.